പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 200     14.06.2019-ൽ മറുപടിക്ക്**

**സ്വർണ്ണ വ്യാപാര രംഗത്ത് ബില്ലുകൾ നൽകാതെയുള്ള വിൽപന**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.കെ.അബ്ദു റബ്ബ്<br>,, വി.കെ.ഇബ്രാഹിം കുഞ്ഞ്<br>,, പി.കെ.ബഷീർ<br>,, അബ്ദുൽ ഹമീദ് പി. | | ഡോ. ടി.എം. തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) | |
| (എ) | സ്വർണ്ണാഭരണ കച്ചവടരംഗത്ത് ബില്ലുകൾ നൽകാതെയുള്ള വിൽപന വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | എങ്കിൽ ഇതുമൂലം സർക്കാരിനുണ്ടാകുന്ന വരുമാന ചോർച്ച സംബന്ധിച്ച് വിലയിരുത്തിയിട്ടുണ്ടോ; ഇത് തടയുന്നതിന് ഉദ്ദേശ്യമുണ്ടോ; വിശദവിവരം നൽകുമോ; | (ബി) | ബില്ല് നൽകാത്ത സ്വർണ്ണ വ്യാപാരികളെ സംബന്ധിച്ച് പരാതികൾ ലഭ്യമാകുന്ന അവസരങ്ങളിൽ ഇന്റലിജൻസ് വിഭാഗം ടെസ്റ്റ് പർച്ചെസ് നടത്തുകയും ബില്ല് നൽകാതെ വിൽപന നടത്തുന്ന സാഹചര്യത്തിൽ പിഴ ചുമത്തുകയും ചെയ്തു വരുന്നു. ചരക്ക് സേവന നികുതി നിയമപ്രകാരം പ്രതിവർഷം 40 ലക്ഷം രൂപയിൽ കൂടുതൽ വിറ്റുവരവുള്ള വ്യാപാരികൾക്ക് മാത്രമേ രജിസ്ട്രേഷൻ എടുക്കുന്നതിന് നിയമപരമായ ബാധ്യത യുള്ളൂ. രജിസ്ട്രേഷൻ എടുത്തിട്ടുള്ള വ്യാപാരികൾ ക്രയവിക്രയങ്ങളെ സംബന്ധിച്ച വിവരങ്ങൾ റിട്ടേൺ മുഖേന സമർപ്പിക്കേണ്ടതാണ്. പ്രസ്തുത വിവരങ്ങൾ പരിശോധന നടത്തി നികുതി ചോർച്ച ഇല്ലെന്ന് ഉറപ്പുവരുത്തുന്നു. കൂടാതെ വ്യാപാരികൾ വില്പന ഘട്ടത്തിൽ ബില്ല് കൊടുക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുന്നതിലേക്കായി സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗം പതിവായി ടെസ്റ്റ് പർച്ചേസ് മുഖേന പരിശോധനകൾ നടത്തിവരുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | സ്വർണ്ണാഭരണങ്ങൾ കൊണ്ടു പോകുന്നതിന് ഈ വേ ബിൽ ആവശ്യമില്ലാത്തതിനാൽ കണക്കിൽപ്പെടുത്താത്ത സ്വർണാഭരണങ്ങൾ വ്യാപാരികളുടെ പക്കൽ എത്തിച്ചേരുന്നില്ല എന്ന് ഉറപ്പുവരുത്താനായി റെയിൽവേ സ്റ്റേഷൻ, ബസ് സ്റ്റേഷൻ, ട്രാൻസ്പോർട്ട് ബസ്സുകൾ എന്നിവ കേന്ദ്രീകരിച്ചും യാത്രാ വാഹനങ്ങളിലും പരിശോധനകൾ നടത്തിവരുന്നുണ്ട്. ഇത്തരം കാര്യക്ഷമമായ പരിശോധനകളിലൂടെ നികുതി വെട്ടിപ്പിനുള്ള പഴുതുകൾ ഇല്ലാതാക്കാൻ ശ്രമിച്ചുവരുന്നു. |
| (സി) | നിയമവിധേയമായ വില്പന നടക്കുന്നു എന്ന് ഉറപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | നികുതി വളർച്ച ഉറപ്പാക്കുന്നതിലേയ്ക്കായി ബിൽ നിർബന്ധമായും ചോദിച്ച് വാങ്ങുകയെന്ന പ്രവണത പ്രോൽസാഹിപ്പിക്കുന്നതിലേയ്ക്കായി വിതരണക്കാർക്കും ഉപഭോക്താക്കൾക്കും ബോധവൽക്കരണം ദൃശ്യമാധ്യമങ്ങളിൽ കൂടി നൽകിവരുന്നു. വിൽക്കപ്പെടുന്ന സാധനങ്ങൾക്ക് ബിൽ നൽകുന്നതിന് വ്യാപാരികൾ നിയമപരമായി ബാധ്യസ്ഥരാണ്. വ്യാപാരികൾ വില്പന ഘട്ടത്തിൽ ബില്ല് കൊടുക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുന്നതിലേക്കായി ഇന്റലിജൻസ് വിഭാഗം ടെസ്റ്റ് പർച്ചേസ് തുടങ്ങിയ പരിശോധനകൾ നടത്തിവരുന്നുണ്ട്. ബില്ല് നല്കാതിരിക്കുന്നതിലൂടെ കണക്കിൽ പെടുത്താത്ത വില്പന കണ്ടെത്തുന്ന കേസുകളിൽ നികുതി, പിഴ എന്നിവ ചുമത്തി ശിക്ഷാ നടപടികൾ കൈക്കൊള്ളുകയും ചെയ്യാറുണ്ട്. ഇതിനു പുറമേ ഉപഭോക്താക്കൾ ബില്ല് നിർബന്ധമായും ചോദിച്ചു വാങ്ങുകയെന്ന പ്രവണത പ്രോൽസാഹിപ്പിക്കുന്നതിന് വേണ്ടി പത്ര, ടെലിവിഷൻ വാർത്ത മാധ്യമങ്ങളിലൂടെ ആവശ്യമായ ബോധവൽക്കരണ നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**